വി.ആർ. 248107/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
20-09-2021

# <u>സർക്കുലർ</u>

വിഷയം : പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി-വിദ്യാസാഹിതി 2021-22 അദ്ധ്യാപക സാഹിത്യ ശില്പശാല സംബന്ധിച്ച്.

വിദ്യാരംഗം കലാസാഹിത്യവേദി സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 'വിദ്യാസാഹിതി' എന്ന പേരിൽ സംസ്ഥാനതലത്തിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗം അദ്ധ്യാപകർക്കായി കഥ, കവിത വിഭാഗങ്ങളിൽ സാഹിത്യശില്പശാല നടത്തുന്നു. കഥ, കവിത മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 30 അദ്ധ്യാപകരാണ് ശില്പശാലയിലെ പങ്കാളികൾ. കഴിഞ്ഞവർഷം ശില്പശാലയിൽ പങ്കെടുത്തവർക്ക് അപേക്ഷിക്കാമെങ്കിലും ശില്പശാലകളിൽ പങ്കെടുത്തിട്ടില്ലാത്തവരുടെ അഭാവത്തിൽ മാത്രമേ അവരെ പരിഗണിക്കുകയുള്ളൂ. വിദ്യാസാഹിതിയുടെ ശില്പശാലകളിൽ ഇതുവരെ പങ്കെടുത്തിട്ടില്ലാത്തവർക്കായിരിക്കും പ്രഥമ പരിഗണന. അദ്ധ്യാപകരുടെ രചനകളുടെ ഗുണനിലവാരവും മുൻപങ്കാളിത്തവും പരിഗണിച്ചായിരിക്കും ശില്പശാലാംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. സാഹിത്യരംഗത്തെ പ്രശസ്തർ നയിക്കുന്ന ശില്പശാലയിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്തയും താമസസൗകര്യവും ലഭ്യമാക്കും. 2021 നവംബർ-ഡിസംബർ മാസങ്ങളിൽ മൂന്ന് ദിവസങ്ങളിലായിരിക്കും ശില്പശാല നടക്കുക. ശില്പശാലയുടെ കൃത്യമായ തീയതിയും വേദിയും പിന്നീട് അറിയിക്കുന്നതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും ശില്പശാല സംഘടിപ്പിക്കുക. അദ്ധ്യാപകരുടെ കഥ, കവിത വിഭാഗങ്ങളിൽപ്പെട്ട രചനകൾ എഡിറ്റർ, വിദ്യാരംഗം, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ 2021 ഒക്ടോബർ 20-നു മുമ്പ് ലഭിക്കേണ്ടതാണ്. രചനകൾ അയയ്ക്കുന്ന കവറിനു പുറത്ത് 'അദ്ധ്യാപക സാഹിത്യശില്പശാല 2021-22' എന്ന് രേഖപ്പെടുത്തേണ്ടതാണ്. അയയ്ക്കുന്ന സൃഷ്ടിയുടെ കൂടെ ഇതോടൊപ്പമുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് അയയ്ക്കേണ്ടതാണ്. അയയ്ക്കുന്ന രചനകളിൽ അദ്ധ്യാപകരുടെ പേരോ സ്കൂളോ രേഖപ്പെടുത്താൻ പാടില്ല. കഥയ്ക്കും കവിതയ്ക്കും അപേക്ഷിക്കുന്നവർ വെവ്വേറെ അപേക്ഷാഫോറങ്ങൾ ഉപയോഗിക്കേണ്ടതാണ്. അദ്ധ്യാപകർക്കുള്ള അറിയിപ്പ് സ്കൂൾ ഇ-മെയിൽ വിലാസം വഴിയാകും നൽകുക. അപേക്ഷാഫോമിൽ സ്കൂൾ ഇ-മെയിൽ വിലാസം കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്.

ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഈ സർക്കുലർ എല്ലാ സ്കൂളുകളിലും എത്തിക്കേണ്ടതും ഹെഡ്മാസ്റ്റർമാർ അദ്ധ്യാപകർക്ക് ശില്പശാലയെക്കുറിച്ചുള്ള വിവരം നൽകേണ്ടതുമാണ്.

**ജീവൻബാബു കെ.** ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

- സി.ഇ.ഒ., കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
- ജോയിന്റ് ഡയറക്ടർ (അക്കാഡമിക്), ഹയർ സെക്കന്ററി വിഭാഗം
- ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം
- എല്ലാ ആർ.ഡി.ഡി.മാർ
- എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
- എല്ലാ എ.ഡി.മാർ (വി.എച്ച്.എസ്.ഇ.)
- എല്ലാ പ്രിൻസിപ്പൾമാർക്കും (ബന്ധപ്പെട്ട ആർ.ഡി.ഡി.മാർ മുഖേന)
- എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
- എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
- എല്ലാ പ്രാധാനാദ്ധ്യാപകർ (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

## അപേക്ഷാഫോറത്തിന്റെ മാതൃക

### വിദ്യാസാഹിതി (കഥ, കവിത) 2021 – 22

1. രജിസ്റ്റർ നമ്പർ (ഓഫീസ് ഉപയോഗം) :
2. സൃഷ്ടിയുടെ പേര് :
3. അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ പേര് :
4. സ്കൂൾ മേൽവിലാസം
   (ജില്ലയും പിൻകോഡും സഹിതം) :
5. മുൻവർഷങ്ങളിലെ ശില്പശാലകളിൽ പങ്കെടുത്തിട്ടുണ്ടോ? : ഉണ്ട് ഇല്ല
   ഉണ്ടെങ്കിൽ വർഷവും ശില്പശാല നടന്ന സ്ഥലവും
   സൂചിപ്പിക്കുക. 2017 2018 2019
6. അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ ഫോൺ നമ്പർ
   (വാട്സ്ആപ്പ് നമ്പർ) :
7. സ്കൂളിന്റെ ഇ-മെയിൽ :
8. അദ്ധ്യാപകന്റെ ഒപ്പ് :

### പ്രഥമാദ്ധ്യാപകന്റെ സർട്ടിഫിക്കറ്റ്

ശ്രീ./ശ്രീമതി........................................................................... ഈ വിദ്യാലയത്തിൽ .............................. വിഭാഗത്തിൽ ജോലി നോക്കുന്നു. വിദ്യാരംഗം അദ്ധ്യാപകശില്പശാലയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ വേണ്ടി അയയ്ക്കുന്ന ഈ സൃഷ്ടി പ്രസ്തുത അദ്ധ്യാപകൻ രചിച്ചതാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : പ്രിൻസിപ്പൾ/പ്രഥമാദ്ധ്യാപകന്റെ ഒപ്പ്

തീയതി : സ്കൂളിന്റെ പേര്

സ്കൂൾ സീൽ

---

**അപേക്ഷാഫോറത്തിന്റെ ഫോട്ടോകോപ്പിയിലോ ടൈപ്പ് ചെയ്തെടുത്ത കോപ്പിയിലോ വേണം പൂരിപ്പിച്ച് അയയ്ക്കേണ്ടത്.**